# Official Spokesperson's response to media queries seeking comments on the statement issued on 19 June by the Chinese Spokesperson on the events in the Galwan valley area

June 20, 2020

---

## ഗാൽവാൻ താഴ്‌വര പ്രവിശ്യകളിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് ചൈനീസ് ഔദ്യോഗിക വക്താവ് ജൂൺ 19 നടത്തിയ പ്രസ്താവനയിന്മേൽ അഭിപ്രായങ്ങൾ ആരാഞ്ഞു കൊണ്ടുള്ള മാധ്യമഅന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം.

**ജൂൺ** 20, 2020

ഗാൽവാൻ താഴ്‌വര പ്രവിശ്യകളിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് ചൈനീസ് ഔദ്യോഗിക വക്താവ് ജൂൺ 19 നടത്തിയ പ്രസ്താവനയിന്മേൽ അഭിപ്രായങ്ങൾ ആരാഞ്ഞു കൊണ്ടുള്ള മാധ്യമഅന്വേഷണങ്ങളോട് ഔദ്യോഗിക വക്താവ് ശ്രീ. അനുരാഗ് ശ്രീവാസ്തവയുടെ മറുപടി ഇപ്രകാരമായിരുന്നു.

"ഗാൽവാൻ വാലി താഴ്‌വരയിലെ സംബന്ധിച്ചുള്ള നിലപാട് ചരിത്രപരമായി വ്യക്തതയുള്ളതാണ്. നിയന്ത്രണ രേഖയെ സംബന്ധിച്ച് യുക്തിരഹിതവും ന്യായീകരിക്കാനാകാത്തതുമായ അവകാശവാദങ്ങൾ നടത്തുന്നതിനുള്ള ചൈനീസ് വിഭാഗത്തിന്റെ ശ്രമം അംഗീകരിക്കാനാകില്ല. ഇവ ചൈനയുടെ തന്നെ മുൻകാല നിലപാടുകൾക്ക് യോജിക്കുന്നതരത്തിലുള്ളവയല്ല.

ഇന്ത്യൻ -ചൈന അതിർത്തിൽ, ഗൾവാൻ താഴ്‌വര ഉൾപ്പടെ നിയന്ത്രണ രേഖയിലെ എല്ലാ ഭാഗങ്ങളുടെയും വിന്യാസത്തെക്കുറിച്ചു ഇന്ത്യൻ സൈന്യത്തിന് വളരെ അവബോധമുള്ളതാണ്.എല്ലായിടത്തെയും പോലെ അവർ അതിവിടെയും പാലിക്കുന്നു. നിയന്ത്രണ രേഖയ്ക്ക് അതീതമായി ഇന്ത്യൻ വിഭാഗം ഒരു തരത്തിലുള്ള പ്രവർത്തനങ്ങളും നടത്തുന്നതായിരിക്കില്ല.യഥാർത്ഥത്തിൽ യാതൊരു പ്രകോപനപരമായ സംഭവങ്ങളുമില്ലാതെ അവർ ഈ പ്രവിശ്യയിൽ വളരെക്കാലമായി റോന്തു ചുറ്റുകയും ചെയ്യുന്നതാണ്. ഇന്ത്യൻ വിഭാഗം നടത്തിയിട്ടുള്ള എല്ലാ നിർമാണ പ്രവർത്തനങ്ങളും സ്വാഭാവികമായും ഇന്ത്യൻ അതിർത്തിക്കുള്ളിൽ തന്നെയാണ്.

2020 മെയ് ആദ്യം മുതൽ, ഇന്ത്യയുടെ സ്വാഭാവികവും പാരമ്പരാഗതവുമായുള്ള സഞ്ചാരപാത ചൈനീസ് വിഭാഗം തടസപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇത് താഴ്ന്ന നിലയിലുള്ള സൈനികർ തമ്മിൽ ഉഭയകക്ഷി ഉടമ്പടികളും പ്രോട്ടോകോളുകളും അനുസരിച്ചുകൊണ്ടുള്ള സംഘർഷ നിലപാടുകൾക്ക് ഇടവരുത്തുകയുണ്ടായിട്ടുണ്ട്. തർക്കത്തിനായി ഇന്ത്യ ഏകപക്ഷീയമായി

നിയമാധികാരം മാറ്റാൻ ശ്രമിക്കുന്നുവെന്ന വാദം ഞങ്ങൾ അംഗീകരിക്കുകയില്ല മരിച്ച ഞങ്ങളത് പരിപാലിക്കാൻ ശ്രമിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇതേ തുടർന്ന് , മെയ് മാസം പകുതിയിൽ, ഇന്ത്യ -ചൈന അതിർത്തി മേഖലയിലെ എൽ എ സിയിൽ പടിഞ്ഞാറൻ ഭാഗത്തെ മറ്റു പ്രവിശ്യകളിൽ കടന്നു കയറുന്നതിനു ചൈനീസ് വിഭാഗം ശ്രമിച്ചിരുന്നു.ഞങ്ങളുടെ ഭാഗത്തു നിന്നുള്ള സമയോചിതമായ പ്രതികരണങ്ങൾ മൂലം ഇത്തരം ശ്രമങ്ങൾ നിഷ്ഫലമായിരുന്നു.ഇതിനു ശേഷം ഇരു വിഭാഗങ്ങളും തമ്മിൽ വ്യവസ്ഥാപിതമായ നയതന്ത്ര, സൈനിക മാർഗങ്ങളിലൂടെ ചൈനീസ് പ്രവർത്തനങ്ങൾ മൂലം യഥാർത്ഥ നിയന്ത്രണ രേഖയിൽ ഉണ്ടായ സാഹചര്യങ്ങളെക്കുറിച്ചു ചർച്ചകൾ നടത്തിയിരുന്നു.

ഉന്നതതല കമാൻഡർമാർ 2020 ജൂൺ 6 നു യോഗം ചേരുകയും സാഹചര്യ തീവ്രത കുറക്കുന്നതിനും സൈനിക പിന്മാറ്റത്തിനുമായുള്ള നടപടികൾക്ക് സമ്മതിക്കുകയും ചെയ്തിരുന്നു.ഇരു വിഭാഗങ്ങളും യഥാർത്ഥ നിയന്ത്രണ രേഖയെ ബഹുമാനിക്കുന്നതിനും വിധേയമായി പ്രവർത്തിക്കുന്നതിനും സമ്മതിക്കുകയും നിയമാധികാരം മാറ്റുന്നതിനുള്ള പ്രവർത്തികളിൽ പങ്കെടുക്കാതിരിക്കുന്നതാണെന്നു ഉറപ്പു നൽകുകയും ചെയ്തിരുന്നു. എന്നിരുന്നാലും കളവാണ് താഴെവരെ പ്രവിശ്യയിലെ എൽ എ സി പ്രവിശ്യത്തെ സംബന്ധിച്ചു ചൈനീസ് വിഭാഗം ഈ ധാരണയിൽ നിന്നും വ്യതിചലിക്കുകയും എൽ എ സി യിൽ നിർമാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഈ ശ്രമം പരാജയപ്പെട്ടതിനെ തുടർന്ന് 2020 ജൂൺ 15 നു ചൈനീസ് സൈനികർ നേരിട്ട് അക്രമ നടപടികൾ സ്വീകരിക്കുകയും ഇത് അപകടങ്ങൾക്ക് കാരണമാകുകയും ചെയ്തു.

വിദേശകാര്യമന്ത്രിയും (EAM) ചൈനീസ് വിദേശകാര്യ മന്ത്രിയായ വാങ് യി യും തമ്മിൽ 2020 ജൂൺ 17 നു നടന്ന സംഭാഷണത്തിൽ, 2020 ജൂൺ 15 ലെ സംഘർഷത്തിലേക്ക് വഴി തെളിച്ച സാഹചര്യങ്ങൾക്കുറിച്ച് ശക്തമായ ഭാഷയിൽ തന്നെ പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു. ചൈനീസ് വിഭാഗം നടത്തിയ അടിസ്ഥാനരഹിതമായ ആരോപണങ്ങളെയും ഉന്നതതല കമാണ്ടർമാർ തമ്മിലുള്ള ധാരണയുടെ ലംഘനങ്ങളെയും അദ്ദേഹം ശക്തമായി നിഷേധിക്കുകയും ചെയ്തിരുന്നു. കൂടാതെ ചൈന സ്വന്തം പ്രവർത്തനങ്ങളെ പുനരവലോകനം ചെയ്യണമെന്നും ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു.

സാഹചര്യം ഉത്തരവാദിത്വപരമായി കൈകാര്യം ചെയ്യുന്നതിന് ഇരു മന്ത്രിമാരും അംഗീകരിച്ചിരുന്നു, കൂടാതെ ജൂൺ 6 മുതൽ സൈനിക പിന്മാറ്റത്തിനായുള്ള ധാരണകൾ ഇരു വിഭാഗങ്ങളും നടപ്പിലാക്കുമെന്ന് ഉറപ്പു വരുത്തിയിരുന്നു. ഇരുവിഭാഗങ്ങളും സ്ഥിരമായ സമ്പർക്കം പുലർത്തുന്നുണ്ട് കൂടാതെ സൈനിക നയതന്ത്ര മാർഗങ്ങളിലൂടെയുള്ള സമ്മേളനങ്ങളിലും നിലവിൽ ഇത് ചർച്ച ചെയ്യുന്നു.

അതിർത്തി മേഖലകളിൽ ശാന്തിയും സമാധാനവും നിലനിർത്തുന്നതിന് ഇരു രാജ്യങ്ങളിലെയും വിദേശകാര്യമന്ത്രിമാർ തമ്മിൽ എത്തിച്ചേർന്നിരിക്കുന്നു പരസ്പര ധാരണകൾ ചൈനീസ് വിഭാഗം നടപ്പിലാക്കുന്നതാണെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു, ഇത് നമ്മുടെ ഉഭയകക്ഷി ബന്ധങ്ങളുടെ മൊത്തത്തിലുള്ള വികസനത്തിന് അത്യന്താപേക്ഷിതമാണ്."

ന്യൂ ഡൽഹി

20 ജൂൺ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.